# സർപ്പക്കാവ്



നിൽക്കുകീ നിശാഗന്ധിച്ചുവട്ടിലൊരു മാത്ര
നിൽക്കുകീ സർപ്പക്കാവിലിഴയും വിശ്വാസങ്ങൾ
പിന്നെയും തലപൊക്കി നോക്കുമീ യാമങ്ങളിൽ.

രാവുകൾ മുടിയഴിച്ചാടുമീ ക്കാവിൽ പണ്ടു
ചോരവാർന്നൊഴുകിയോരീ നിലത്തിന്നും കരി-
നാഗങ്ങൾ നൂറും പാലും തേടിയെത്തുന്നു വീണ്ടും.

നത്തുകൾ മൂളും മുളകാടുകൾ, നിഴലുകൾ
നൃത്ത താണ്ഡവമാടും പാതകൾ, ഏതോ മന്ത്ര-
ബന്ധിതമല്ലോ മൂകമീയന്തരീക്ഷം പോലും!

ഇവിടെ പൂവും പാലും നേദിച്ചു, മന്ത്രം ചൊല്ലി
പുള്ളുവപ്പാട്ടും പാടി, ത്തുടി കൊട്ടി നാം വീണ്ടും
ഇതിലേ വലം വച്ചു പൂജയ്ക്കു വന്നോരല്ലോ.

മൺചരാതുകൾ കെട്ടു; പൂക്കുല തുള്ളിക്കുന്ന
മന്ത്രവാദികൾ പോയി; രാവുറങ്ങുന്നു പക്ഷേ
മൺകുടങ്ങളിൽ നിന്നു ഭൂതങ്ങളിറങ്ങുന്നു.

പുകയായുയരുന്നു ഭൂതങ്ങൾ; താഴേ നിന്നു
വിറയാർന്നൊരു പാവം മുക്കുവനായിട്ടിന്നും
കഴിയാനല്ലോ വിധി മർത്യനിക്കടൽക്കരെ.

അന്ധരായ് തമ്മിൽത്തല്ലി പ്പിന്നെയും തലകീറി
നമ്മളോ മനുഷ്യനെയുദ്ധരിക്കുവാനായി
പിറകോട്ടാണോ തീർത്ഥയാത്രകൾ നയിക്കുന്നു?

ഇവിടെക്കുഴിവെട്ടി മൂടിയ വിശ്വാസത്തിൻ
മുകളിൽ പ്പണ്ടേ നട്ടു നാം വളർത്തിയ
രജനീഗന്ധിക്കാരു തെളിനീർ പകർന്നിടും?

അകലെത്തെങ്ങോ പോയി മറയും വെളിച്ചവും
ഇതിലേ നീളും കരിനിഴലും തമ്മിൽത്തിൽ
അറിയാതിന്നും നോക്കി മൂകരായ് പിരിയുന്നു. ■